## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4929

27.10.2016-ൽ
മറുപടിയ്ക്ക്

## നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം

| ചോദ്യം<br>ശ്രീ. എം. എം. മണി | മറുപടി<br>ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
|---|---|
| (എ) ഇടുക്കി ജില്ലയിലെ ചില വില്ലേജുകളിൽ മാത്രം നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഏതൊക്കെ വില്ലേജുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്; | (ബി) മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിന്റെ അധികാര പരിധിയിൽ വരുന്ന ചിന്നക്കനാൽ, കണ്ണൻ ദേവൻ ഹിൽസ്, ശാന്തൻപാറ, വെള്ളത്തൂവൽ, ആന വിലാസം, പള്ളിവാസൽ, ആനവിരട്ടി, ബൈസൺവാലി എന്നീ 8 വില്ലേജുകളിലാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ എൻ. ഒ. സി. ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. |
| (സി) ഈ വില്ലേജുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്താനിടയായ സാഹചര്യം വിശദീകരിക്കാമോ;<br><br>(ഡി) ഈ വില്ലേജുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തണം എന്ന് ജില്ലാ ഭരണകൂടത്തോട് നിർദ്ദേശിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് സർക്കാരിന്റെയോ കോടതിയുടെയോ ഉത്തരവുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) & (ഡി) ഇടുക്കി ജില്ലയിലെ റവന്യൂ/ ഫോറസ്റ്റ് ഭൂമികളിലെ അനധികൃത കയ്യേറ്റങ്ങളും വ്യാജ പട്ടയങ്ങളും മൂന്നാർ പ്രദേശത്തെ ഭൂപ്രകൃതി പരിപാലനവുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയുടെ ഡബ്ല്യു. പി. (സി) 1801/2010, ഡബ്ല്യു. പി. (സി) 34095/2009 എന്നീ കേസുകളിലെ 21/01/2010-ലെ വിധിന്യായത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്. റവന്യൂ, തദ്ദേശസ്വയംഭരണം, പോലീസ്, ഫോറസ്റ്റ് എന്നീ വകുപ്പുകളുടെ എൻ. ഒ. .സി. ഇല്ലാതെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മൂന്നാറിൽ നടക്കുന്നില്ല എന്ന് ഉറപ്പുവരുത്തണമെന്നും ടി ഉത്തരവിൽ നിർദ്ദേശിക്കുന്നു. പ്രസ്തുത വിധി ന്യായത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്